ശ്രീ. എം. വി. രാഘവൻ : ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നതു പോലെ കേരളത്തിനും കിട്ടിയെന്നാണല്ലോ ബഹു: മന്ത്രി പറഞ്ഞതിന്റെ അർത്ഥം. അത് ശരിയാണെങ്കിൽ കേരളാ കോൺഗ്രസ് കേന്ദ്രഗവൺമെന്റിന്റെ അവഗണനക്കെതിരായി നടത്തിയ പ്രക്ഷോഭണങ്ങൾ തെറ്റാണെന്നു സമ്മതിക്കുമോ ? ഇപ്പോൾ പൊതുമരാമത്തുവകുപ്പു തുടങ്ങിയുള്ള വകുപ്പു കൾക്ക് കൊടുക്കാനുള്ള ബില്ലിന്റെ കണക്ക് വെളിപ്പെടുത്താമോ ?

ശ്രീ. കെ. എം. മാണി : നമ്മൾ രണ്ടുപേരും എടുത്തിട്ടുള്ള നിലപാടിന്റെ അടിസ്ഥാനത്തിലാണല്ലോ ശ്രീ. രാഘവൻ ആ സീറ്റിൽ ഇരിക്കേണ്ടി വന്നത്.

മി. സ്പീക്കർ : ചെയറിന് ഒരു അഭ്യർത്ഥനയുണ്ട്. ഇതെല്ലാം സംസാരിക്കാൻ വേറെ ധാരാളം അവസരങ്ങളുണ്ട്. അതുകൊണ്ട് രാഷ്ട്രീയ അഭിപ്രായങ്ങൾ കുത്തിക്കയറ്റാൻ ഈ ചോദ്യോത്തരസമയം ഉപയോഗിക്കരുത്. ബഹുമാനപ്പെട്ട മന്ത്രി മെമ്പറുടെ ചോദ്യത്തിന് മറുപടി പറയൂ.

ശ്രീ. കെ. എം. മാണി : ഇതിനെ സംബന്ധിച്ച് പറയുമ്പോൾ ഓരോ ഡിപ്പാർട്ടുമെന്റും അതാതു ഡിപ്പാർട്ടുമെന്റിന് ബഡ്ജറ്റിൽ നീക്കിവച്ച തുകയേക്കാൾ ചെലവഴിക്കുകയാണെങ്കിൽ അതിൽ ധനകാര്യവകുപ്പിന് ഉത്തരവാദിത്വം ഇല്ലെങ്കിൽപോലും ഓരോ ഡിപ്പാർട്ടുമെന്റിലുമുള്ള കുടിശ്ശിക പൂർണ്ണമായും തീർക്കാൻ പോകുകയാണ്. ഞാൻ ഇതിനെ ഒരു ബഡ്ജറ്റ് ചർച്ചയാക്കി മാറ്റാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ബേബി ജോൺ : ഞങ്ങൾക്ക് അറിയാൻ അവകാശമുള്ളതാണ്. ഈ സംസ്ഥാനത്തിന് എത്ര കുടിശ്ശികയുണ്ട് എന്നുള്ളത് ബഡ്ജറ്റ് ചർച്ച യൊന്നുമല്ല.

മി. സ്പീക്കർ : ഇതിനെക്കുറിച്ച് ഇപ്പോൾ പറയാനുള്ള വിവരം അദ്ദേഹത്തിന്റെ പക്കലില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ബഹളം വയ്ക്കരുത്.

ശ്രീ. ആർ. എസ്. ഉണ്ണി : ഇതുവരെ എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ കൊടുത്തു തീർക്കാനുണ്ട്?

ശ്രീ. കെ. എം. മാണി : ഓരോ ഡിപ്പാർട്ടുമെന്റിനും എത്ര രൂപ കുടിശ്ശികയിനത്തിൽ കൊടുക്കാനുണ്ട് എന്നത് സംബന്ധിച്ച് പ്രത്യേക ചോദ്യം ആവശ്യമാണ്.

പെൻഷൻകാരെ സംബന്ധിച്ച ഉത്തരവ്

* 25. [28] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം ശമ്പള കമ്മീഷന്റെ ശുപാർശകളിൻമേൽ 16-9-1985-ൽ പുറപ്പെടുവിച്ച ഗവൺമെന്റ് ഓർഡറിൽ, പെൻഷൻകാരെ സംബന്ധിച്ച കമ്മീഷന്റെ ശുപാർശകളിൻമേൽ പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കാമെന്ന് പറഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത ഓർഡർ പുറപ്പെടുവിച്ചുവോ ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്താണ് ;

(ഡി) ഓർഡർ എത്രയും വേഗം പുറപ്പെടുവിക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഇല്ല.

(സി, ഡി) കമ്മീഷന്റെ ശുപാർശകളിൻമേൽ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട് ആവശ്യമായ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

ഡോ. കെ. സി. ജോസഫ് : ഈ ഓർഡർ പുറപ്പെടുവിക്കാത്തതിന്റെ പശ്ചാത്തലത്തിൽ 1983 ജൂലൈ ഒന്നാം തീയതിക്കുശേഷം റിട്ടയർ ചെയ്യുകയും പിന്നീട് പുനർനിയമനം കിട്ടുകയുംചെയ്ത അദ്ധ്യാപകർക്ക് മറ്റു ഗവൺമെന്റ് ജീവനക്കാരുടേതുപോലെ ശമ്പളം ഫിക്സ് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഏറ്റവും വേഗം ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കഴിഞ്ഞ ക്യാബിനറ്റിലാണ് ഇതിനെ സംബന്ധിച്ച തീരുമാനം എടുത്തത്. അതിന്റെ ജി. ഒ. ഇപ്പോൾ പ്രിപ്പറേഷനിൽ ഇരിക്കുകയാണ്. ഉടനെ പുറത്തിറക്കാവുന്നതാണ്. ബഡ്ജറ്റ് പ്രസന്റേഷനു മുൻപ് പെൻഷൻകാരുടെ ജി. ഒ. പുറത്തിറക്കുന്നതും അവർക്ക് തുക കൊടുക്കുന്നതുമാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : അവശകലാസാഹിത്യകാരൻമാർക്ക് നൽകിക്കൊണ്ടിരുന്ന പെൻഷൻ കഴിഞ്ഞ ആറുമാസക്കാലമായിട്ട് നൽകുന്നില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു ; അതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അതിനെക്കുറിച്ച് ഇപ്പോൾ എനിക്ക് അറിഞ്ഞുകൂടാ. പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. കെ. പങ്കജാക്ഷൻ : സർവീസ് പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വർദ്ധനവിനെ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം വന്നതു കാരണം അവർക്ക് കഴിഞ്ഞമാസത്തിലെ പെൻഷൻപോലും നൽകിയില്ല എന്നു പറഞ്ഞുകൊണ്ട് ഡിസ്ട്രിക്ട് ട്രഷറിയുടെ നടയിൽ സത്യാഗ്രഹം ഇരുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അവർക്ക് നിലവിലുള്ള പെൻഷൻ കൊടുക്കുന്നതിനും പേ കമ്മീഷൻ അനുവദിച്ച ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അവർ സമരം നടത്തിയതായിട്ട് അറിയാം. പേ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ എടുക്കേണ്ട തീരുമാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കഴിഞ്ഞ 12-ാം തീയതിയിലെ കാബിനറ്റിൽ തീരുമാനം എടുത്തുകഴിഞ്ഞു. ജി. ഒ. ഉടനെ പുറത്തിറക്കുന്നതാണ്.

ശ്രീ. കെ. പി. രാമൻ : ഈ ഓർഡർ പുറപ്പെടുവിക്കുന്നതിനു മുൻപ് പെൻഷൻകാരുടെ സംഘടനാഭാരവാഹികളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : പെൻഷൻകാരുടെ സംഘടനാഭാരവാഹികളുമായി ഗവൺമെന്റ് ഇടയ്ക്കിടയ്ക്ക് ചർച്ചകൾ നടത്താറുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ : പെൻഷൻകാർക്കുവേണ്ടിയുള്ള ജി. ഒ. പുറപ്പെടുവിക്കുമ്പോൾ പെൻഷണേഴ്സ് അസോസിയേഷന്റെ നിവേദനവും അവരുടെ അഭിപ്രായങ്ങളും കണക്കിലെടുത്തിട്ടുണ്ടോ ; അതനുസരിച്ച് ഈ ഉത്തരവിൽ അവർക്ക് അനുകൂലമായ നടപടികളെടുക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : അസോസിയേഷൻ ഏതാണെന്ന് എനിക്കറിഞ്ഞുകൂടാ. പെൻഷൻകാരുടെ ഉത്തമ താൽപ്പര്യങ്ങൾ പരിഗണിക്കുന്നതിനുവേണ്ട ജി. ഒ. ആണ് പുറത്തിറക്കുന്നത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : പെൻഷൻകാർക്ക് പുതിയ ഉത്തരവനുസരിച്ച് കൂടുതലായി കിട്ടുന്ന ആനുകൂല്യം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : പെൻഷൻകാരുടെ ബേസിക് പെൻഷനിൽ 5 ശതമാനം മുതൽ 30 ശതമാനംവരെ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. കൂടാതെ വളരെയധികം ആനുകൂല്യങ്ങളും ഇതിനകത്ത് പറയുന്നുണ്ട്.

ശ്രീ. എ. സി. ജോസ് : പെൻഷൻകാർക്ക് ധാരാളം ബുദ്ധിമുട്ടുകളും വിഷമങ്ങളും ഉണ്ട്. അതിന് പ്രധാനകാരണം പെൻഷന് പ്രത്യേക സംവിധാനമില്ലാതെ എല്ലാ വകുപ്പുകളുംകൂടി കലർന്നുകിടക്കുന്നതാണ് എന്നാണ് അവരുടെ ആരോപണം. പെൻഷൻകാർക്ക് പ്രത്യേകമായി ഒരു വകുപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം പെൻഷൻകാരുടെ അസോസിയേഷൻ വച്ചിട്ടുണ്ടോ ? അതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനം എടുക്കുന്നതിനോ വകുപ്പ് രൂപീകരിക്കുന്നതിനോ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ഇപ്പോൾ വകുപ്പ് രൂപീകരണം എല്ലാത്തിന്റെയും ഒരു പ്രതിവിധിയാണെന്ന് പറയാൻ ഒക്കുകയില്ല. ഉള്ള വകുപ്പ് നല്ലതുപോലെ കൊണ്ടുപോവുക എന്നുള്ളതാണ് ഇതിന്റെ പ്രതിവിധി.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പെൻഷൻകാരുടെ ഒരു നിരാഹാര സത്യാഗ്രഹം ഈ സെക്രട്ടേറിയറ്റിന്റെ മുൻപിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അവർ നിരാഹാരസത്യാഗ്രഹം നടത്തിയാൽ അപകടമാണ്. കാരണം റിട്ടയർ ചെയ്ത വയസ്സൻമാരാണ് അവർ. അവരെ നിരാഹാരസത്യാഗ്രഹത്തിലേക്ക് നീക്കാതെ അടിയന്തിരമായി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് ആരും നിർബന്ധിച്ചിട്ട് ചെയ്യുന്നതല്ല. ഗവൺമെൻറ് സ്വമേധയാ അവരോടുള്ള കാരുണ്യംവച്ച് ഒരു വലിയ കാര്യം കഴിഞ്ഞ ക്യാബിനറ്റിൽ ചെയ്തിരിക്കുകയാണ്. അത് ജി. ഒ. ആയി; ഉടനെ പുറത്തിറങ്ങുകയാണ്. സമരത്തിന്റെ ആവശ്യമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : പെൻഷൻകാരുടെ ശുപാർശകൾ വന്നിട്ട് രണ്ടുകൊല്ലം കഴിഞ്ഞിട്ടും ഇതുവരെ പെൻഷൻ കൊടുക്കാതിരുന്നതുമൂലം റിട്ടയർചെയ്ത ജീവനക്കാർക്ക് ആനുകൂല്യങ്ങളും നൽകാതെ ഗവൺമെൻറ് മനഃപൂർവ്വം നീട്ടിക്കൊണ്ടു പോയത് കടബാദ്ധ്യതകൾ തീർക്കാൻവേണ്ടി സംഖ്യ ബാക്കി വയ്ക്കാൻ ആയിരുന്നില്ലേ ? ഇത്തരം ക്രൂരത അവരോട് കാണിക്കുന്നതിൽ എന്താണ് ന്യായീകരണം ? അവരുടെ കാര്യത്തിൽ ശ്രദ്ധവേണമെന്നു പറയുന്ന കൂട്ടത്തിൽ ഒരു ചെറിയ കാര്യം കൂടി പറയുകയാണ്. നൂറു കണക്കിന് പെൻഷനായ വയസ്സായ ആളുകൾ ട്രഷറിയിലൊക്കെ പോയി ഇരിക്കുന്നത് കാണാൻ ഇടയായിട്ടുണ്ട്. അവർക്ക് ഇരിക്കാൻ രണ്ട് ബഞ്ചെങ്കിലും അവിടെ ഇടുന്നതിന് ഗവൺമെൻറ് നടപടി എടുക്കാൻ തയാറാകുമോ ?

ശ്രീ. കെ. എം. മാണി : പെൻഷൻകാരുടെ ഈ പ്രശ്നത്തിൻമേൽ പ്രത്യേകമായ തീരുമാനമെടുക്കണമെന്നാണ് പേ കമ്മീഷൻ റിപ്പോർട്ടിലുള്ളത്. അതിൽ മനപ്പൂർവ്വമായി ആരും ഡിലേ വരുത്തിയിട്ടില്ല; സ്വാഭാവികമായും കാലതാമസം ഉണ്ടായി എന്നേയുള്ളൂ. ആദ്യമായി പേ കമ്മീഷൻ റിപ്പോർട്ടിൻ മേൽ തീരുമാനമെടുക്കുക എന്നു പറഞ്ഞിട്ടുണ്ട്. അതിൻമേൽ പ്രത്യേക തീരുമാനമെടുത്തു കഴിഞ്ഞു. അതൊരു ചെറിയ തീരുമാനമല്ല. 35 കോടി രൂപയുടെ ബാദ്ധ്യത ഗവൺമെൻറ് ഏറ്റെടുക്കുകയാണ്.

ശ്രീ. ജി. വരദൻ : വികലാംഗ പെൻഷൻ കൊടുക്കാൻ ദയവായി വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. എം. മാണി : ഇത് സർവ്വീസ് പെൻഷൻകാരുടെ പെൻഷനെക്കുറിച്ചുള്ള ചോദ്യമാണെങ്കിലും ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനു ഉത്തരം പറയാം. എല്ലാ പെൻഷനും ക്രമമായി ഈ ഗവൺമെൻറ് കൊടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : 12-ാം തീയതി എടുത്ത തീരുമാനമനുസരിച്ച് ജി. ഒ. പുറപ്പെടുവിക്കുന്നതിൽ 5% മുതൽ വർദ്ധനവുണ്ടെന്ന് പറയുന്നു. അത് എന്നുമുതലാണ് ? ഇതുവരെയുള്ള സംഖ്യ രൊക്കമായിട്ടാണോ അല്ലെങ്കിൽ ഏതു രീതിയിലാണ് കൊടുക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : പെൻഷനെ സംബന്ധിച്ചിടത്തോളം 1-4-1983 മുതലാണ് മോണിറ്ററി ബെനിഫിറ്റുള്ളത്. 1-7-1983 മുതൽ കമ്മ്യൂട്ടേഷന് ഡി. സി. ആർ. ജി., പുതുക്കിയ ശമ്പളം ഇതിനൊക്കെ വേണ്ടി റിവൈസ് ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : പണമായി കൊടുക്കുമോ എന്ന ചോദ്യത്തിന് മറുപടി പറഞ്ഞില്ല. 1-4-1985 മുതലുള്ള കുടിശ്ശിക എത്രയാണെന്നും അത് ഒരുക്കം പണമായിട്ടാണോ കൊടുക്കുന്നത് എന്നുമാണ് ചോദിച്ചത്.

ശ്രീ. കെ. എം. മാണി : പണമായിട്ട് തന്നെയാണ് കൊടുക്കുന്നത്. സുപ്രീം കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കാർക്ക് കുറെ തുക കൊടുക്കാനുണ്ടായിരുന്നത് നാഷണൽ സേവിങ്സിൽ ഇടുന്നതിന് തീരുമാനിച്ചു. പിന്നെ അത് റദ്ദു ചെയ്തുകൊണ്ട് 70 വയസ്സിനു മുകളിലുള്ളവർക്ക് ഈ വർഷം തുക ഒരുക്കമായി കൊടുക്കാനും മറ്റുള്ളവർക്ക് 3 തവണയായി കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ പുതിയ ആനുകൂല്യം എങ്ങനെ കൊടുക്കണമെന്നാണ് ചോദിച്ചത്.

ശ്രീ. കെ. എം. മാണി : പുതിയ ആനുകൂല്യം പണമായിട്ട് കൊടുക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : മുൻപ് കൊടുക്കാനുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക 70 വയസ്സിനു മുകളിലുള്ളവർക്ക് ഒന്നിച്ച് കൊടുക്കാനാണ് ഗവൺമെന്റ് ഓർഡർ എന്നു പറയുന്നു. എന്നാൽ ഇന്നും 70 വയസ്സിനു മുകളിലുള്ള പെൻഷൻകാർ ട്രഷറിയിൽ ചെന്നാൽ ഓർഡർ കിട്ടിയിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് കുടിശ്ശിക കൊടുക്കാതിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റിന് അറിയാമോ ?

ശ്രീ. കെ. എം. മാണി : അങ്ങനെ എന്തെങ്കിലും പ്രത്യേക കേസ്സുകളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം.

ഹിൽ ഹൈവേ

* 26. [29] ശ്രീ. തച്ചടി പ്രഭാകരൻ :
,, കെ. കെ. തോമസ് :
,, പി. പി. തങ്കച്ചൻ :
,, ടി. എച്ച്. മുസ്തഫ :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഹൈവേ സ്കീം അംഗീകരിച്ച് നടപ്പാക്കണമെന്ന നിയമസഭ പാസ്സാക്കിയ പ്രമേയത്തിൻമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഹിൽ ഹൈവേ പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകമായി നിവേദനം വല്ലതും നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly